"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കാഞ്ഞങ്ങാട് നഗരസഭ - 92 കടമുറികളുടെ വസ്തു നികുതി കുടിശ്ശിക പത്ത് തവണകളായി ഈടാക്കുന്നതിനും, പലിശ ഒഴിവാക്കി നൽകുന്നതിനും - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ വകുപ്പ്**

സ.ഉ.(സാധാ) നം.2415/2024/LSGD തീയതി,തിരുവനന്തപുരം, 10-12-2024

---

പരാമർശം:-

1. കാസർകോഡ് ജില്ലാതല തദ്ദേശ അദാലത്തിലെ 25.08.2024 തീയതിയിലെ ലിയാക്കത്ത് അലിയുടെ അപേക്ഷ
2. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ കാസർകോഡ് ജില്ലാതല തദ്ദേശ അദാലത്തിലെ 03.09.2024 തീയതിയിലെ തീരുമാനം
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 24.09.2024 തീയതിയിലെ LSGD/PD/33279/2024-REV2 നമ്പർ കത്ത്

**ഉത്തരവ്**

കാഞ്ഞങ്ങാട് നഗരസഭ പരിധിയിൽ അബ്ദുള്ള അഹമ്മദ്, ലിയാക്കത്ത് അലി, മനാഫ് ലിയാക്കത്ത് അലി, മുഹമ്മദ് സലിം എന്നിവരുടെ പേരിൽ KM-14/77 to 14/168 നമ്പരുകളിൽ 92 വ്യത്യസ്ത മുറികളുള്ള 500 ചതുരശ്ര മീറ്റർ ന് മുകളിൽ വരുന്ന 3 നില വാണിജ്യ കെട്ടിടത്തിന് നികുതി ചതുരശ്ര മീറ്ററിന് 120 രൂപ നിശ്ചയിക്കേണ്ടതിനു പകരം 65 രൂപ നിരക്കിലാണ് ഈടാക്കിയിരുന്നത്. ടി അപാകത കണ്ടെത്തിയതിനെ തുടർന്ന് ആയത് പരിഹരിച്ച് നികുതി പുനർ നിശ്ചയിച്ചിട്ടുള്ളതും കക്ഷികൾക്ക് ഡിമാൻഡ് നോട്ടീസ് നല്കിയിട്ടുള്ളതുമാണ്. 01.04.2016 തീയതി പ്രാബല്യത്തിലുള്ള അധിക നികുതി ഈടാക്കാനുള്ള കാഞ്ഞങ്ങാട് നഗരസഭയുടെ ഈ നടപടി റദ്ദ് ചെയ്യുന്നതിന് പരാമർശം 1 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. സൂചന 2 ലെ അദാലത്ത് തീരുമാനം, സൂചന 3 പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിലേക്ക് ശിപാർശ ചെയ്തിരുന്നു. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 281(2) പ്രകാരം നിർദ്ദിഷ്ട 92 കടമുറികളുടെ വസ്തു നികുതി കുടിശ്ശിക പത്ത് തവണകളായി ഈടാക്കുന്നതിനും, പലിശ ഒഴിവാക്കി നൽകുന്നതിനും കാഞ്ഞങ്ങാട് നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYAKUMARI P

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കാസർഗോഡ്
സെക്രട്ടറി, കാഞ്ഞങ്ങാട് നഗരസഭ, കാസർകോഡ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സംമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ ഓഫിസ് കോപ്പി ഉത്തരവിൻ പ്രകാരം

Signed by
Pradeesh M.
Date: 10-12-2024 16:37:05

സെക്ഷൻ ഓഫീസർ